ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനം

218(426) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ക്യൂ കോംപ്ലക്സ്, റോപ്പ്വേ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ബി) ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആഗോളാടിസ്ഥാനത്തിൽ ടെണ്ടർ നൽകണമെന്ന നിർദ്ദേശം പരിഗണിച്ചിരുന്നുവോ ;

(സി) എങ്കിൽ ഇതിനായി കേന്ദ്രാനുമതി ലഭിക്കുകയുണ്ടായോ ;

(ഡി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ–ഡി) ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന്റെ ഡിസൈൻവർക്ക് തയ്യാറാക്കുന്നതിന് M/s ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 15 ലക്ഷം രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. 500 പേരെ ഉൾക്കൊള്ളിക്കുന്ന 1 യൂണിറ്റിന്റെ നിർമ്മാണ ചെലവ് ഒരു കോടി രൂപയോളം വരുമെന്ന് കണ്ട് അത് ലഘൂകരിക്കുന്നവിധമുള്ള ഡിസൈൻ ഹൈപവർ കമ്മിറ്റിയുടെ ടെക്നിക്കൽ അംഗങ്ങളുമായി ചർച്ച ചെയ്ത് തയ്യാർ ചെയ്യുന്നതിന് 15-12-2010-ന് കൂടിയ ഉന്നതാധികാര സമിതി യോഗം കൺസൾട്ടൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റോപ്പ് വേ നിർമ്മാണത്തിനുള്ള ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കരാർ 22 ലക്ഷം രൂപയ്ക്ക് M/s റൈറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്പോൺസർമാരെ ലഭിക്കാൻ ശ്രമിക്കുന്നുണ്ട്. അടുത്ത ഹൈപവർ കമ്മിറ്റിയിൽ വച്ച ശേഷം സ്പോൺസർമാർ മുഖേനയോ ബോർഡ് നേരിട്ടോ പദ്ധതി നടപ്പിലാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളെപ്പറ്റി അതിനുശേഷം തീരുമാനിക്കുന്നതാണ്.

ശബരിമലയിൽ മണ്ഡല-മകരവിളക്കുകാലത്ത് അയ്യപ്പഭക്തർക്കായി ദേവസ്വം വകുപ്പ് ഒരുക്കിയ സൗകര്യങ്ങൾ

219(427) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഇക്കഴിഞ്ഞ മണ്ഡല-മകരവിളക്കുകാലത്ത് അയ്യപ്പഭക്തർക്കായി ദേവസ്വം വകുപ്പ് ഒരുക്കിയ സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly